# കേരള സർക്കാർ

## സംഗ്രഹം

സർക്കാർ സ്കൂളുകളിൽ 2018-19 അധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക നിയമനം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്

സ.ഉ.(സാധാ) നം./1840/2018/പൊ.വി.വ തീയതി, തിരുവനന്തപുരം, 18/05/2018

പരാമർശം:- 1. 2-6-2017-ലെ സ.ഉ (സാധാ) നം. 1698/17/പൊവിവ
2. 27-4-2018-ലെ നമ്പർ എച്ച്2/21500/2018/ഡിപിഐ നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (1) പ്രകാരം 2017-18 വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2018-19 അധ്യയനവർഷത്തിലേയും ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, 2018-19 അധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള അനുവാദം നല്കി ഉത്തരവാകുന്നു:-

എ). നിലവിലിരിക്കുന്ന തസ്തികനിർണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അധ്യാപകർ അധികമെന്നു കണ്ടെത്തിയ സ്കൂളുകളിൽ അവർ ഉടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം പാടില്ല. അധികമായി കണ്ടെത്തിയ അധ്യാപകരെയെല്ലാം നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റി ക്രമീകരിച്ചിരിക്കേണ്ടതും 2018-19 അധ്യയന വർഷം തസ്തിക നിർണയം കഴിഞ്ഞാൽ ഒഴിവുകൾ സത്വരം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി). 14-08-2002 ലെ ജി.ഒ (പി) നമ്പർ 249/2002/പൊവിവ, 20-12-2004 ലെ ജി.ഒ (പി) നമ്പർ 382/2004/പൊവിവ, 28-4-2017 ലെ ജി,ഒ (പി) നമ്പർ 56/2017/ധന.വ ഇടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം.

സി). പി.എസ്.സി റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത അധ്യാപകന്റെ സേവന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ യാതൊരാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല.

ഡി). കെ-ടെറ്റ് യോഗ്യത നേടിയവർ /നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്. അങ്ങനെയുള്ളവർ അപേക്ഷകരായില്ലെങ്കിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ.

ഇ). സ്കൂൾ തുറക്കുമ്പോൾ സംസ്ഥാനത്തെ സ്കൂളുകളിൽ അധ്യാപകരില്ലാത്ത അവസ്ഥയുണ്ടാകാൻ പാടില്ല. ഇതിനായി, ഒഴിവുകൾ ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക 2018-19 വർഷവും ഉടരുമെന്ന കാര്യം ഉറപ്പാക്കി പ്രഥമാധ്യാപകർ മെയ് മാസത്തിൽ തന്നെ ദിനവേതനാടിസ്ഥാനത്തിലുള്ള നിയമന

നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകർ റഗുലർ ഒഴിവിൽ തുടരുന്ന കാരണത്താൽ പ്രസ്തുത ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുത്. അപ്രകാരം കൃത്യവിലോപം കാട്ടുന്ന പ്രധാനാധ്യാപകരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്). 28-04-2017ലെ ജി.ഒ (പി) നമ്പർ 56/2017/ധന പ്രകാരം ദിനവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അധ്യാപകർക്ക് പ്രതിദിനം 895/- രൂപയും (പ്രതിമാസം പരമാവധി 25900/-രൂപ), ഹൈസ്കൂൾ ടീച്ചർ പ്രതിദിനം 1025/- രൂപയും (പ്രതിമാസം പരമാവധി 29700/- രൂപ) പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാധ്യാപകർക്ക് പ്രതിദിനം 710/- രൂപയും (പ്രതിമാസം പരമാവധി 19850/- രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാധ്യാപകർക്ക് 685/- രൂപയും (പ്രതിമാസം പരമാവധി 18450/- രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്. നജീബ്
ജോയിൻറ് സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി. @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/ (പ്രസ്സ് റിലീസ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

<u>പുറത്തെഴുത്ത് കത്ത് നമ്പർ.എച്ച്2/21500/2018/ഡി.പി.ഐ തീയതി 19.05.2018</u>

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രധമാധ്യാപകർക്കും അടിയന്തര തുടർനടപടികൾക്കായി താഴെപ്പറയുന്ന നിർദേശങ്ങൾ സഹിതം അയക്കുന്നു.

1. സംസ്ഥാനത്തെ സ്കൂളുകൾ മധ്യവേനലവധി കഴിഞ്ഞ് ജൂൺ 1 ന് തുറക്കുകയാണ്. സ്കൂൾ തുറന്നു കഴിഞ്ഞാൽ ഒരു സ്കൂളിലും പഠിപ്പിക്കാൻ അധ്യാപകരില്ലാത്ത അവസ്ഥയുണ്ടാകരുതെന്ന സദുദ്ദേശ്യത്തോടെയാണ് താൽക്കാലിക അധ്യാപക നിയമനം സംബന്ധിച്ച ഉത്തരവ് ഇത്തവണ വളരെ മുൻകൂട്ടി നൽകിയിരിക്കുന്നത്. സ്കൂൾ തുറക്കുമ്പോൾ അധ്യാപക തസ്തികകളിൽ ഒഴിവ് നിലനിൽക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മെയ് മാസത്തിൽ തന്നെ ഇന്റർവ്യൂ നടപടികൾ പൂർത്തീകരിച്ച് അർഹരായവർക്ക് നിയമനം നൽകിയിരിക്കണം. ഉത്തരവിൽ നിർദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കർശനമായും പാലിക്കണം.
2. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ ഉത്തരവിന്റെ വിവരം പ്രധമാധ്യാപകരുടെ അടിയന്തര യോഗം വിളിച്ചുകൂട്ടി വിശദീകരിക്കേണ്ടതും ഒഴിവുകളുണ്ടെങ്കിൽ 01.06.2018 നു തന്നെ നിയമനം നടത്താൻ നിർദേശം നൽകേണ്ടതുമാണ്.
3. ഈ ഉത്തരവ് പ്രകാരം താൽക്കാലിക അനധ്യാപക നിയമനങ്ങൾ നടത്താനാകില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.
4. താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട മറ്റ് പ്രധാന ഉത്തരവുകളെല്ലാം വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ് :

1 എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
2 എല്ലാ പ്രധമാധ്യാപകർക്കും
3 വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

# GOVERNMENT OF KERALA

## ABSTRACT

General Education - Appointment of Teachers in Government schools on daily wages - Procedure prescribed - Orders - Issued.

General Education (J) Department

G.O. (P) No. 249/02/G.Edn.

Dated: Trivandrum, 14-8-2002

Read : 1. G.O. (P) No. 249/02/G.Edn. dated 8-6-2000
2. G.O. (P) No. 249/02/G.Edn. dated 23-7-2002
3. Letter No. A1/65602/01/dated 1-8-2002 from the DPI

## ORDER

Consequent to the cancellation of G.O. (P) 187/2000/G.Edn. dated 8-6-2000 regarding the engagement of temporary teachers on daily wages in Government schools in the absence of regular teachers as per Government Order read as second paper above, it has been brought to the notice of the Government from various quarters including representatives of political parties, teachers organisations and parent Teachers Association of the Schools that teaching in Government Schools are badly affected for want of teaching staff in time. There is no live public Service commission ranked list for various categories of teachers. The Director of Public Instruction has also reported the difficulties prevailing in the field in filling up of vacancies of teachers in Government Schools consequent on cancellation of the said Government Order.

2. It is reported that correct number of vacancies of teachers in Government schools can be computed only after the finalisation of staff fixation is over, since there exists a tendency of reduction of posts every year. Normally the staff fixation of Government schools can only be started after the completion of the same in Aided Schools. Naturally the correct position of the posts in Government Schools cannot be calculated before August or September. Even if the vacancies are reported to Public Service Commission immediately., it will take at least two months to get advised the candidates from Public Service Commission and appointed them. It is further noticed that the candidates so posted may not come up for taking up the employment due to various reasons.

3. Steps for filling up of vacancies on provisional basis through employment exchange can be done only after obtaining Non-Availability certificate from Public Service commission. Even after getting Non Availability Certificate from Public Service Commission delay in sponsoring candidates occur as the District Employment Exchange will have to gather lists of eligible candidates from other registering centres of the particular District. On getting the list it will take more than one month time to post the candidates. Here also vacancies set apart for Public Service Commission appointments alone can be filled up through Employment Exchange. The problem of non-joining of the selected candidates or his leaving the post on getting permanent employment is also happening. This also affects the timely placement of teachers in vacancies resulting to the denial of education to the children of Government Schools especially in rural and remote areas.

4. In both the cases mentioned above, academic interest of the pupils are at peril. The improvement in academic achievement in lower classes and increase in the percentage of SSLC results in Government Schools are attributive to the timely placement of teachers through Daily Wages. It is also pertinent to point out that loss of working days for 2 to 3 months cannot be allowed for obvious reasons as under normal conditions also department finds it difficult to attain 200 instructional days in an academic year. It is a reality that teaching of lessons cannot

be postponed since the curriculum is framed in such a way.

5. In the circumstances Government are pleased to prescribe the following procedure for appointment of teachers on daily wages in Government Schools for the current academic year since it is felt necessary in public interest.

i) Qualified teachers are provided in schools as soon as a vacancy arises. Hence all heads of schools shall be directed to report all vacancies to the Deputy Director of Education concerned within a week as soon as a vacancy arises in the school. Failure in this regard will entail disciplinary action against the Head of the School.

ii) In case of vacancies for which live Public Service commission ranked lists exist, appointments shall be made urgently as per rules.

iii) In cases of vacant posts for which there is no live Public Service Commission ranked list the Deputy Directors of Education concerned shall prepare the panel of qualified hands from Employment Exchange well in advance before the opening of the schools and they shall be posted on the very day of opening of the schools itself. Failure in this regard on the part of Deputy Director of Education and his subordinates shall be viewed as dereliction of duty and disciplinary action will be initiated against the erring officers.

iv) In case no teacher joins the schools within a week from the date of reopening of school against the vacant post, the heads of schools shall have the liberty to engage duly qualified teachers of the locality on daily wages subject to the following conditions.

1. The selection of daily wages teacher shall be made by a committee consisting of the Chairman of the Educational Standing Committee of the Local Self Government or his nominee, the head of the School and the Senior teacher in the concerned subject/language in the case of Secondary Schools and the Senior most teacher, in the case of Primary Schools.
2. The Head of the School shall publish the number and details of vacancy, date of interview etc. in the notice boards of the school, office of the Local Self Government and office of the concerned educational officer.
3. The Committee shall prepare a panel of duly qualified candidate based on the merits.
4. The selection of candidate shall be made according to the merit of the candidate considering marks obtained for the basic qualification and training qualification, bonus mark may also be given for higher qualifications and experience.
5. All vacancies exceeding one month shall be filled up on daily wages. The engagement shall be ordered by the head of the School observing principles of reservation.
6. Permission from the Deputy Director (Education) concerned is not necessary for such engagements in view of the administrative bottlenecks. But the Principal / Head master should furnish the details of such engagement to the Deputy Director (Education) concerned with in two days from the date of such engagement.
7. Remuneration will be paid at the rate of Rs. 150/- for Primary School Teacher and Rs. 175/- for High School teacher per day for the actual days of work attended.
8. The maximum period of such engagement shall not exceed one academic year.
9. The persons engaged on daily wage will stand relieved as and when regular hands (Public Service Commission hand/inter district Transferee) or employment hands join duty and they will have no claim for any service benefits.
10. The Selection of candidates shall be checked by the Deputy Directors/ District Educational officers/Assistant Educational officers at the time of their inspection. The action of the Deputy Directors shall be checked by the Director or Public Instruction.

By Order of Governor
P. Marapandiyan
Secretary to Government.

# GOVERNMENT OF KERALA

## ABSTRACT

General Education - Appointment of Teachers in Government schools on daily wage -Basis Reservation in filling up the vacancy - Guidelines Prescribed - Orders - Issued.

---

General Education (J) Department

G.O. (P) No. 382/04/G.Edn. Dated: Trivandrum, 20-12-2004

---

Read : 1. G.O. (P) No. 249/02/G.Edn. dated 14-8-2002
2. G.O. (P) No. 249/02/G.Edn. dated 19-6-2003
3. G.O. (P) No. 249/02/G.Edn. dated 29-5-2004

## ORDER

1. As per the Government order read as 1st paper above Government have prescribed procedure for appointment of teachers in Government Schools on daily wages. The benefits of the above Government Order have been extended for the academic year 2003-04 and 2004-05 by Government Orders read as second and third paper above respectively.

2. Government have received complaints that adequate representation of Scheduled Caste is not being maintained while appointing teachers in Schools on daily wages.

3. Government have examined the matter in detail and are pleased to prescribe the following guidelines which should be invariably followed in the appointment of teachers in Schools on daily wages.

1. The first vacancy that arises in one academic year shall be filled up on merit basis.
2. The Second vacancy shall be filled up by reservation from among SC/ST/OBC Candidates.
3. The above appointment on merit and reservation shall be on 1:1 ratio basis.
4. If qualified SC/ST/OBC candidates are not available to fill up the vacancy, the same shall be filled up on merit basis.
5. In filling up the vacancies and maintaining reservation, the School shall be taken as one unit.

By Order of the Governor
Sajen Peter
Secretary to Government

**കേരള സർക്കാർ**

നം.1866829/ജെ3/17/പൊവിവ

തിരുവനന്തപുരം, തീയതി 09/03/2018

## പരിപത്രം

വിഷയം:- പൊവിവ- കെ-ടെറ്റ് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- (1).സ.ഉ (പി) നം. 199/2011 തീയതി 1/10/2011.

(2). സ.ഉ (പി) നം. 244/2012/പൊവിവ തീയതി 25/07/2012.

(3). സ.ഉ (പി) നം. 294/2012/പൊവിവ തീയതി 20/09/2012.

(4). സ.ഉ (പി) നം. 145/2016/പൊവിവ തീയതി 30/08/2016.

(5). സ.ഉ (പി) നം. 206/2016/പൊവിവ തീയതി 08/12/2016.

(6). സ.ഉ (പി) നം. 7/2017/പൊവിവ തീയതി 07/04/2017

(7). ജി.ഒ (എം.എസ്) നം. 134/17/പൊവിവ തീയതി 30/10/2017.

(8) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/04/2017, 12/2/17 എന്നീ തീയതികളിലെ എച്ച്3/30197/2016/ഡിപിഐ നമ്പർ കത്ത്.

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നതോടെ അദ്ധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയായി നിശ്ചയിച്ച് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടു മുതൽ ആറുവരെ സൂചന ഉത്തരവുകൾ പ്രകാരം നിശ്ചിത സേവനവ്യവസ്ഥകളും യോഗ്യതകളും ഉള്ളവരെ കെ-ടെറ്റ് നേടുന്നതിൽ നിന്നും ഒഴിവാക്കി. ഇത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന എട്ട് പ്രകാരം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു ആയത് സർക്കാർ പരിശോധിച്ചു ഇതുസംബന്ധിച്ച് താഴെപറയും പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

1. C-TET പ്രൈമറി സ്റ്റേജ് പാസായവരെ കെ-ടെറ്റ് കാറ്റഗറി-I ൽ നിന്നും C-TET elementary stage പാസായവരെ കെ-ടെറ്റ് കാറ്റഗറി-II ൽ നിന്നും ഒഴിവാക്കാവുന്നതാണ്.
2. NET, SET, M.Phil, Ph.D, M.Ed എന്നീ യോഗ്യതകൾ നേടിയവരെ കെ-ടെറ്റ് കാറ്റഗറി I മുതൽ IV വരെ നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
3. കെ-ടെറ്റ് കാറ്റഗറി III വിജയിച്ചവരെ കാറ്റഗറി II നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
4. കെ-ടെറ്റ് കാറ്റഗറി I, II എന്നിവയിൽ ഏതെങ്കിലും ഒന്ന് വിജയിച്ചവരെ എൽ.പി, യു.പി അദ്ധ്യാപക നിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

5. 31/03/2012 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ/എയ്ഡഡ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പ്രൊമോഷൻ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസാകണമെന്ന് നിർബന്ധമില്ല.

6. 2017-18 അക്കാദമിക് വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികമുള്ളതും ഒരുവർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവുകളിൽ നടത്തുന്ന ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യതയുള്ളവർ ലഭ്യമായില്ലെങ്കിൽ കെ-ടെറ്റ് ഇല്ലാത്തവരെ പരിഗണിക്കാവുന്നതാണ്.

എച്ച്. നജീബ്
ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് മുഖേന)
എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ്
(പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകളിലേക്കും.

പകർപ്പ്:

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

പൃ.ക. കത്ത് നമ്പർ എച്ച്3/30197/18 തീയതി 21-3-2018

സെക്ഷൻ ഓഫീസർ

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

JESSY JOSEPH
Addl. Director of Public Instruction (General)
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താവ്
1) എല്ലാ DDE, DEO, AEO മാർക്കും
2) [illegible]